**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കോട്ടയം നഗരസഭയിൽ ദിവസവേതനാടിസ്ഥാനത്തിൽ സി.എൽ.ആർ തൊഴിലാളികളായിരുന്ന ശ്രീ. അറുമുഖം, ചന്ദ്രകുമാർ പി, ശ്രീകുമാർ, അനിൽകുമാർ എ, ജയഗണേശൻ കെ, ബിജു.റ്റി.എസ് എന്നിവർ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത O.A.(EKM)No.104/2018 (MA(EKM)No.1627/2019 ) മേലുള്ള ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 19/09/2019 തീയതിയിലെ വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================================

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം.1388/2021/തസ്വഭവ തീയതി, തിരുവനന്തപുരം : 26/07/2021

---

പരാമർശം :
1) ശ്രീ. അറുമുഖം മുതൽപേർ സമർപ്പിച്ചിട്ടുള്ള 03/02/2019 തീയതിയായുള്ള നിവേദനം (അനക്ഷർ-എ 8)
2) ശ്രീ. അറുമുഖം മുതൽപേർ ഫയൽ ചെയ്ത O.A(EKM) നം.104/2018 മേലുള്ള ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 19/09/2019 തീയതിയിലെ വിധിന്യായം.
3) നഗരകാര്യ ഡയറക്ടറുടെ 17/2/2021 തീയതിയിലെ ഇ 2-17082/2020 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കോട്ടയം നഗരസഭയിൽ ദിവസവേതനാടിസ്ഥാനത്തിൽ സി.എൽ.ആർ തൊഴിലാളികളായിരുന്ന ശ്രീ. അറുമുഖം, ചന്ദ്രകുമാർ പി, ശ്രീകുമാർ, അനിൽകുമാർ എ, ജയഗണേശൻ കെ, ബിജു.റ്റി.എസ് എന്നിവർ ബഹു. .കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ (ഇ.കെ.എം) നം.104/2018 മേലുള്ള ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (2) പ്രകാരമുള്ള വിധിന്യായത്തിൽ, ടി വിധിന്യായത്തിന്റെ പകർപ്പ് ലഭിച്ച് മൂന്നു മാസത്തിനകം അനക്ഷർ-എ 7 സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അനക്ഷർ-എ 8 നിവേദനത്തിന്മേൽ പരാതിക്കാരെയും 2,3 എതിർകക്ഷികളെയും കേട്ടതിനു ശേഷം ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് ടി കേസിലെ ഒന്നാം എതിർകക്ഷിയായ സർക്കാരിനോട് ബഹു.ട്രൈബ്യൂണൽ നിർദ്ദേശിച്ചിരുന്നു.

2) ശ്രീ. അറുമുഖം, ചന്ദ്രകുമാർ പി, ശ്രീകുമാർ, അനിൽകുമാർ എ, ജയഗണേശൻ കെ, ബിജു.റ്റി.എസ് എന്നിവർ കോട്ടയം മുനിസിപ്പാലിറ്റിയിൽ ദിവസവേതനാടിസ്ഥാനത്തിൽ സി.എൽ.ആർ തൊഴിലാളികളായി ജോലി ചെയ്തുവരികയാണെന്നും, സീനിയോറിറ്റി അനുസരിച്ച് പകരം തൊഴിലാളികളായി

നിയമിക്കപ്പെടുന്നതിന് അർഹരാണെന്നും, ഒന്നാമത്തെ അപേക്ഷകനായ ശ്രീ.അറുമുഖം 1995 മുതലും മറ്റുള്ള 5 പേർ 1997 മുതലും ജോലി ചെയ്തുവരികയാണെന്നും, എന്നാൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയല്ല നിയമിതരായത് എന്ന കാരണത്താൽ 2012 ൽ കോട്ടയം നഗരസഭാ സെക്രട്ടറിയുടെ പിരിച്ചുവിടൽ ഭീഷണി ഉണ്ടായെന്നും, ആയതിനെതിരെ ബഹു.ഹൈക്കോടതി മുമ്പാകെ WP(C)No.26552/2012 ഫയൽ ചെയ്യുകയും തങ്ങളുടെ നിവേദനങ്ങൾ പരിഗണിക്കുവാൻ എതിർകക്ഷികൾക്ക് ബഹു.ഹൈക്കോടതി നിർദ്ദേശിക്കുകയുണ്ടായെന്നും, എന്നാൽ ടി നിവേദനങ്ങൾ നഗരസഭ നിരസിച്ചുവെന്നും, തുടർന്ന് എസ്.സി / എസ്.റ്റി കമ്മീഷനെ സമീപിച്ചുവെന്നും, അനക്ഷർ എ 7 സർക്കാർ ഉത്തരവിന് (29/03/2001- ലെ സ.ഉ.(എം.എസ്) നം.91/2001/തസ്വഭവ) തങ്ങൾ അർഹരാണെന്നും, ഈ വിഷയം സംബന്ധിച്ച 3.2.2019 തീയതിയിലെ പരാതി (അനക്ഷർ എ 8) ഒന്നാം എതിർകക്ഷിയായ തദ്ദേശസ്വയം ഭരണവകുപ്പ് സെക്രട്ടറി മുമ്പാകെ സമർപ്പിച്ചിട്ടുണ്ട് എന്നും രേഖപ്പെടുത്തിയാണ് OA(EKM) No.104/2018 ഫയൽ ചെയ്തിരുന്നത്.

3) ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ മേൽ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ അനക്ഷർ-എ 8 നിവേദനം സംബന്ധിച്ച് സർക്കാർ വിശദമായി പരിശോധിച്ചു. സംസ്ഥാനത്തെ നഗരസഭകളിലെ കണ്ടിജന്റ് തസ്തികകളിലെ നിയമനം കേരള മുൻസിപ്പൽ ആക്ട് സെക്ഷൻ 224(1) പ്രകാരം അതാത് നഗരസഭാ കൗൺസിലുകളുടെ അധികാരപരിധിയിലാണ്. എന്നാൽ ടി നിയമനങ്ങൾ 22/04/1982-ലെ സ.ഉ.(എം.എസ്)നം.14/82/എൽ.ബി.ആർ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം മാത്രമേ നടത്താനാകൂ. ആയത് അനുസരിച്ച് പ്രാദേശിക എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി നിയമിതരായവർക്കുമാത്രമേ കണ്ടിജന്റ് ജീവനക്കാർക്കുള്ള ബദൽ ലിസ്റ്റിൽ സീനിയോറിറ്റി അനുസരിച്ച് നിയമിക്കപ്പെടുന്നതിനും അതുവഴി സ്ഥിരം തസ്തികകളിലെ ഒഴിവുകളിൽ സ്ഥിരപ്പെടുത്തുന്നതിന് പരിഗണിക്കുന്നതിനും അർഹതയുണ്ടായിരിക്കുകയുള്ളൂ.

4) 31/12/1991 നുശേഷം പല നഗരസഭകളിലും മാനദണ്ഡങ്ങൾ ലംഘിച്ച് ദിവസക്കൂലി അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട തൊഴിലാളികളെ പിരിച്ചുവിടുന്നത് പല നഗരസഭകളുടെയും ശുചീകരണ പ്രവർത്തനങ്ങളെ ഗുരുതരമായി ബാധിക്കുന്നുവെന്ന പരാതിയുടെയും നിവേദനങ്ങളുടെയും അടിസ്ഥാനത്തിൽ, സംസ്ഥാനത്തെ നഗരസഭകളിൽ 31/12/2000 വരെ ദിവസക്കൂലിയടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട കണ്ടിജന്റ് വിഭാഗം തൊഴിലാളികളെ സ്ഥിരം തൊഴിലാളികളായി പരിഗണിക്കുന്നതിന് യോഗ്യരാക്കി 29/03/2001 ലെ സ.ഉ.(എം.എസ്) നം.91/2001/തസ്വഭവ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.(അനക്ഷർ എ 7). പ്രസ്തുത ഉത്തരവിലെ നിർദ്ദേശം ഇപ്രകാരമാണ്.

"31/12/2000 വരെ 22/04/1982 ലെ സ.ഉ.(എം.എസ്) നം.14/82/എൽ.ബി.ആർ ഉത്തരവിലെ മാനദണ്ഡങ്ങൾ ലംഘിച്ച് ദിവസക്കൂലിയടിസ്ഥാനത്തിൽ വിവിധ നഗരസഭകൾ നിയമിച്ച തൊഴിലാളികളെ, അവരെ സ്ഥിരനിയമനത്തിന് സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ ഒഴിവിന്റെ ലഭ്യതയ്ക്ക് വിധേയമായി

അർഹരാക്കി പകരം തൊഴിലാളികളായി പരിഗണിച്ച് ഉത്തരവാകുന്നു. ഏതെങ്കിലും നഗരസഭയിൽ 22/04/1982 ലെ ഉത്തരവിലെ വ്യവസ്ഥകൾക്ക് അനുസൃതമായി നിയമിക്കപ്പെട്ട തൊഴിലാളികളും മാനദണ്ഡങ്ങൾക്ക് വിധേയമല്ലാതെ ദിവസക്കൂലി അടിസ്ഥാനത്തിൽ 31/12/2000 വരെ നിയമിക്കപ്പെട്ട തൊഴിലാളികളും ഉള്ളപക്ഷം, സ്ഥിരനിയമനത്തിനുള്ള സീനിയോറിറ്റി ലിസ്റ്റ് പ്രത്യേകം തയ്യാറാക്കുകയും മാനദണ്ഡങ്ങൾക്കനുസൃതമായ ലിസ്റ്റിൽ ഉള്ളവർക്ക് മുൻഗണന നൽകി അവരുടെ ഊഴം കഴിഞ്ഞശേഷം മാത്രം രണ്ടാമത്തെ ലിസ്റ്റിൽ ഉള്ളവരുടെ സ്ഥിരം നിയമനകാര്യം പരിഗണിക്കേണ്ടതാണെന്നും ഉത്തരവാകുന്നു".

മേൽപ്പറഞ്ഞതുകൂടാതെ, പി.എസ്.സി നിയമനത്തിന്റെ പരിധിയിൽപ്പെടാത്ത എല്ലാ ഒഴിവുകളിലേക്കുമുള്ള നിയമനങ്ങൾക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ സേവനം നിർബന്ധമായി പ്രയോജനപ്പെടുത്തണമെന്നും, അല്ലാത്തപക്ഷം വകുപ്പ് തലവൻമാർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണെന്നും 05/02/2014 ലെ 25941/ജി2/ 2013/എൽബിആർ നമ്പർ സർക്കുലറിൽ കർശന നിർദ്ദേശമുണ്ട്.

5) മേൽ സാഹചര്യത്തിൽ, ബഹു. ട്രൈബ്യൂണലിന്റെ 19/09/2019 ലെ ഉത്തരവുപ്രകാരം, കോവിഡ് വ്യാപനപശ്ചാത്തലത്തിൽ ശ്രീ. അറുമുഖം, ചന്ദ്രകുമാർ പി, ശ്രീകുമാർ, അനിൽകുമാർ എ, ജയഗണേശൻ കെ, ബിജു.റ്റി.എസ് എന്നീ ഹർജിക്കാരെയും കോട്ടയം നഗരസഭസെക്രട്ടറി ശ്രീ.സജി എസ്. എസ്., നഗരകാര്യ ഡയറക്ടറേററിലെ സൂപ്രണ്ട് ശ്രീ. അജിത്കുമാർ എന്നിവരെയും ഗൂഗിൾ മീറ്റ് മുഖാന്തരം 09.11.2020-ൽ രാവിലെ 11.30-ന് തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ് അണ്ടർസെക്രട്ടറി കേട്ടിരുന്നു.

6) (അനക്ഷർ എ 8) അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുള്ള വിവരം തന്നെ ഹിയറിംഗ് വേളയിലും ഹർജിക്കാർ വിശദീകരിച്ചു. ശ്രീ.അറുമുഖം 1995 മുതലും ശ്രീ.ജയഗണേശൻ 1997 മുതലും ബാക്കിയുള്ളവർ 2000-നു മുമ്പ് ജോലിചെയ്തു എന്നാണ് അറിയിച്ചത് എങ്കിലും ശ്രീ.അറുമുഖം 1995, ശ്രീ.ജയഗണേശൻ 1997, ബാക്കിയുളളവർ 2006 എന്നു രേഖപ്പെടുത്തിയ കോട്ടയം നഗരസഭസെക്രട്ടറിക്കുള്ള ഹർജിക്കാരുടെ അപേക്ഷയുടെ പകർപ്പും ഇവർ ഹാജരാക്കിയിരുന്നു. ഹർജിക്കാർ 6 പേരും 2000-നു മുമ്പ് ജോലി ചെയ്തു എന്ന് തെളിയിക്കുന്ന യാതൊരു രേഖയും നഗരസഭയിൽ ലഭ്യമല്ല എന്നും ടിയാളുകളുടെ അപേക്ഷ കൗൺസിൽ നിരസിച്ചിട്ടുള്ളതാണ് എന്നും കോട്ടയം നഗരസഭസെക്രട്ടറിയും നഗരകാര്യ ഡയറക്ടറേററിലെ സൂപ്രണ്ടും ഹിയറിംഗ് സമയത്ത് അറിയിച്ചിരുന്നു.

7) കോട്ടയം നഗരസഭസെക്രട്ടറിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നഗരകാര്യഡയറക്ടർ പരാമർശം 3 പ്രകാരം ഈ വിഷയത്തിൽ ചുവടെ ചേർക്കും പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.. ശ്രീ. അറുമുഖം മുതൽപേർ 2012 ജൂലായ് 1 മുതൽ ജൂലായ് 31 വരെ ജോലി ചെയ്തിരുന്നു എന്ന് തെളിയിക്കുന്ന മസ്റ്റർറോളിന്റെ പകർപ്പ് ബന്ധപ്പെട്ട സെക്ഷനിലെ മുൻഫയലിൽ ലഭ്യമാണെന്നും എന്നാൽ ആയതിന്റെ

അസ്സൽ നഗരസഭയിൽ ലഭ്യമല്ലെന്നും ടിയാളുകൾ ടി തീയതിയ്ക്കുമുമ്പും ശേഷവും ശുചീകരണതൊഴിലാളികളായി കോട്ടയം നഗരസഭയിൽ ജോലിചെയ്തിട്ടുള്ളതായി മേഖല ഹെൽത്ത് ഇൻസ്പെക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ള വിവരവും അറിയിച്ചിട്ടുണ്ട്.

8) മേൽപ്പറഞ്ഞ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പരിശോധിച്ചതിൽ (അനക്ഷർ എ 7) 29/03/2001 ലെ സ.ഉ.(എം.എസ്)നം.91/ 2001/ തസ്വഭവ -ലെ ഉത്തരവ് ബാധകമാക്കത്തക്കരീതിയിലുള്ള രേഖകൾ ഒന്നും തന്നെ ഹർജിക്കാർ ഹാജരാക്കിയിട്ടില്ല.കൂടാതെ ടി ഉത്തരവനുസരിച്ച് മതിയായ രേഖകളുടെ അഭാവത്തിൽ, ശ്രീ. അറുമുഖം മുതൽപേരെ പകരക്കാരുടെ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള വ്യക്തമായ ശിപാർശ സമർപ്പിക്കുവാൻ നഗരകാര്യ ഡയറക്ടർക്കും കോട്ടയം നഗരസഭ സെക്രട്ടറിയ്ക്കും സാധിച്ചിട്ടില്ല. മേല്പറഞ്ഞ സാഹചര്യത്തിൽ നിലവിലുള്ള സർക്കാർ ഉത്തരവനുസരിച്ച് ശ്രീ.അറുമുഖം മുതൽപേരെ പകരക്കാരുടെ ലിസ്റ്റിൽ ഉൾപ്പെടുത്താൻ വ്യവസ്ഥയില്ലാത്തതിനാൽ ടിയാളുകളുടെ അപേക്ഷ തള്ളി ക്കളഞ്ഞുകൊണ്ടുള്ള കോട്ടയം നഗരസഭ കൗൺസിലിന്റെ 19.2.2013- ലെ 21-ാം നമ്പർ തീരുമാനത്തെ (അനക്ഷർ എ 2) അനുകൂലിച്ചുകൊണ്ടും ടിയാളുകളുടെ 3.2.2019-ലെ അപേക്ഷയിലെ (അനക്ഷർഎ 8) ആവശ്യം പരിഗണിക്കുവാൻ നിർവ്വാഹമില്ലാത്തതിനാൽ ആയത് നിരസിച്ചുകൊണ്ട് അപേക്ഷ തീർപ്പാക്കിയും ഉത്തരവാകുന്നു.

9) പരാമർശം (2) പ്രകാരമുള്ള ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 19.09.2019 ലെ വിധിന്യായം മേൽപ്പറഞ്ഞ പ്രകാരം നടപ്പിലാക്കിയിരിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം

**ജെയ്സി പോൾ**

**അണ്ടർസെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

സെക്രട്ടറി, കോട്ടയം നഗരസഭ .

ശ്രീ. അറുമുഖം,
S/o പെരുമാൾ
ഹൗസ് നം.232, കൊശമറ്റം കോളനി,
പാറാമ്പുഴ.പി.ഒ, കോട്ടയം

ചന്ദ്രകുമാർ പി, S/o പെരുമാൾ
ഹൗസ് നം.81, മഞ്ജു ഹൗസ്,
കുഴിക്കാട്ട് കോളനി
ചാന്നാനിക്കാട്.പി.ഒ, കോട്ടയം

ശ്രീകുമാർ, S/o എസ്.അംബികാദാസൻ
പുതുപറമ്പിൽ വീട്, ശാന്തി ഭവന് സമീപം,
കളക്ടറേറ്റ്.പി.ഒ
കോട്ടയം

അനിൽകുമാർ എ, S/o എസ്.അംബികാദാസൻ
പുതുപറമ്പിൽ വീട്, ശാന്തി ഭവന് സമീപം,
കളക്ടറേറ്റ്.പി.ഒ
കോട്ടയം

ജയഗണേശൻ കെ, S/o കൃഷ്ണൻ.എം
കൊശമറ്റം കോളനി,
പാറാമ്പുഴ.പി.ഒ, കോട്ടയം

ബിജു.റ്റി.എസ്, S/o സോമൻ
പുത്തൻപ്പറമ്പിൽ, വടവാതൂർ
ശാന്തിഗ്രാം.പി.ഒ, കോട്ടയം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.